പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2484. — 18.02.2016 ന് മറുപടിയ്ക്ക്.

## നേഴ്സിംഗ് അക്കാഡമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. പി.സി വിഷ്ണുനാഥ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നേഴ്സിംഗ് അക്കാഡമിയുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്; | (എ) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ കീഴിൽ തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിൽ നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) പ്രർത്തനമാരംഭിച്ചു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) വിവിധ തലത്തിലുള്ള നഴ്സമാർക്ക് തൊഴിൽ നൈപുണ്യം, ആശയ വിനിമയത്തിനുള്ള കഴിവുകൾ, കമ്പ്യൂട്ടർ അവബോധം, ഇംഗ്ലീഷ് ഭാഷാ പരിശീലനം, എന്നിവ ഉൾപ്പെടുന്ന കോഴ്സുകൾ നടത്തുക, അനുയോജ്യമായ അന്താരാഷ്ട്ര, ആഭ്യന്തര തൊഴിൽ സാധ്യതകൾ കണ്ടെത്തുക, അന്താരാഷ്ട്ര പ്ലേസ്മെന്റ് ഉറപ്പ് വരുത്തുക എന്നിവയാണ് NICE ന്റെ ലക്ഷ്യങ്ങൾ, ബിരുദധാരികളോ അല്ലെങ്കിൽ ഡിപ്ലോമ ധാരികളോ ആയ പരിചയസമ്പന്നരായ നഴ്സമാർക്ക് തൊഴിൽ സാധ്യത ഉയർത്താനായി രൂപകല്പന ചെയ്തിട്ടുള്ളതാണ് അഡ്വാൻസ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം. |
| (സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ കീഴിൽ തിരുവനന്തപുരം കിൻഫ്ര അപ്പാരൽ പാർക്കിൽ നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) പ്രവർത്തനമാരംഭിക്കുകയും ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയാകുകകയും ചെയ്തു. കൂടാതെ, പരിശീലനം പൂർത്തിയാക്കിയ ആദ്യ ബാച്ചിലെ 116 വിദ്യാർത്ഥികൾക്കും വിദേശത്ത് ജോലി ലഭ്യമാക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ